# പതിമൂന്നാം കേരള നിയമസഭ

12-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2171 08.12.2014-ന് മറുപടിയ്ക്ക്**

## ശബരിമലയിലെ കാടുകളിലെ അമൂല്യമായ മരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.നാരായണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) ശബരിമലയിലെ കാടുകളിലെ അമൂല്യമായ മരങ്ങൾ വെടിപ്പുര കരാർ എടുത്തിരിക്കുന്ന ആളുകൾ വെട്ടിമാറ്റി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശബരിമലയിലെ വെടി കരാറുകാർ കൈവിരൽ നീളവും വണ്ണവുമുള്ള ചെറിയ മടുക്ക കമ്പുകൾ മുറിച്ച് കതിന കുറ്റിക്കുവേണ്ടി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ശബരിമലയിൽ ശബരിപീഠത്തിന് സമീപം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും വെടിവഴിപാട് നടത്തുവാൻ കരാർ എടുത്തിട്ടുള്ള കരാറുകാരൻ കതിനയുടെ പ്ലഗ് ആയി ഉപയോഗിക്കുന്നതിന് കാട്ടിൽനിന്നും വെട്ടിശേഖരിച്ച് വച്ചിരുന്നതായ കൈവിരൽ നീളവും വണ്ണവുമുള്ള മടുക്ക (Xanthophyllum arnottianum) ഇനത്തിൽപ്പെട്ട കുറ്റികൾ കണ്ടെത്തുകയും ടി കുറ്റകൃത്യത്തിന് 01.12.2014 തീയതിയിൽ സന്നിധാനം ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകൾ മഹസർ തയ്യാറാക്കി ടി കരാറുകാരന്റെയും സഹായിയുടെയും പേരിൽ കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 27(1)ഇ3, വനസംരക്ഷണ നിയമത്തിലെ സെക്ഷൻ27(2) എന്നിവ പ്രകാരം ഒ.ആർ-02/2014 നമ്പർ കേസ് സന്നിധാനം ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുകയും ബഹു.റാന്നി JFMC-യിൽ ഫോം.1 റിപ്പോർട്ട് സമർപ്പിച്ച് തുടർ അന്വേഷണം നടത്തിവരുന്നതുമാണ്. |
| (സി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി എടുക്കാത്ത വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (സി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | (ഡി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

Chitra

സെക്ഷൻ ഓഫീസർ